**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4431** **01-07-2024 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് പ്രവാസി വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രവാസികൾ ധാരാളമുള്ള ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് പ്രവാസി വ്യവസായ പാർക്ക് പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ; | (എ) | (എ) & (ബി)<br><br>പ്രവാസി വ്യവസായ പാർക്ക് എന്ന പേരിൽ നിലവിൽ പദ്ധതിയില്ല.<br><br>എന്നാൽ പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ച പ്രവാസി ഭദ്രത പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചു വരുന്ന വായ്പ 25 ലക്ഷം മുതൽ 2 കോടി രൂപ വരെയാണ്. പ്രവാസി മലയാളികൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം എന്ന ഒരു സഹായ പദ്ധതിയും നിലവിലുണ്ട്. ഇതിന്റെ ഭാഗമായി 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭിക്കുന്നതാണ്. 1 കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മോറട്ടോറിയവും ലഭ്യമായിരിക്കും. |
| (ബി) | പ്രവാസികൾ ധാരാളം അധിവസിക്കുന്ന ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; മണ്ഡലത്തിലെ തീരപ്രദേശത്തുള്ള ഏക്കർ കണക്കിന് റവന്യൂ പുറംപോക്ക് ഭൂമി പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | (എ) & (ബി)<br><br>പ്രവാസി വ്യവസായ പാർക്ക് എന്ന പേരിൽ നിലവിൽ പദ്ധതിയില്ല.<br><br>എന്നാൽ പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ച പ്രവാസി ഭദ്രത പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് |

| | | | | |
|---|---|---|---|---|
| | | | | സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചു വരുന്ന വായ്പ 25 ലക്ഷം മുതൽ 2 കോടി രൂപ വരെയാണ്. പ്രവാസി മലയാളികൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം എന്ന ഒരു സഹായ പദ്ധതിയും നിലവിലുണ്ട്. ഇതിന്റെ ഭാഗമായി 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭിക്കുന്നതാണ്. 1 കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മോറട്ടോറിയവും ലഭ്യമായിരിക്കും. |

സെക്ഷൻ ഓഫീസർ